# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1736** 05.02.2019 -ലെ മറുപടിയ്ക്ക്

**കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ്മാരുടെ പ്രമോഷൻ**

*ചോദ്യം*
ശ്രീ. വി. ആർ. സുനിൽ കുമാർ

*ഉത്തരം*
**ഡോ. കെ. ടി. ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | കേരള സർവ്വകലാശാലയിൽ കൃത്യമായി സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് ഉത്തരവുകൾ പുറത്തിറങ്ങാത്തതാണ് 2008 ൽ നിയമിതരായ അസിസ്റ്റന്റ്മാരുടെ പ്രമോഷനും ശമ്പള നിർണ്ണയവും സംബന്ധിച്ച വിഷയങ്ങൾ അനന്തമായി നീണ്ടു പോകുന്നതിനിടയാക്കിയത് എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) (സി) & (ഡി) | ഇല്ല; സീനിയോറിറ്റിയും സ്ഥാനക്കയറ്റവും മോണിറ്ററി ബെനഫിറ്റ്സ് വിതരണവും സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ വ്യവഹാരങ്ങൾ നടന്നു വരികയാണ്. ആയതിനാൽ ടി വിഷയം ബഹു. കേരള ഹൈക്കോടതിയുടെ അന്തിമ വിധിക്ക് വിധേയമാണ്. |
| (സി) | കേരള സർവ്വകലാശാലയിൽ നിലനിൽക്കുന്ന പ്രമോഷൻ സംബന്ധിച്ച അനോമലികൾ, സർവ്വകലാശാലാ ഭരണവിഭാഗം കെ. എസ് & എസ്. ആർ 37(A) പ്രകാരം തിരുത്തി ഉത്തരവിറക്കാത്തതു മൂലമാണെന്ന വിഷയം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | | |
| (ഡി) | തെറ്റായി പ്രമോഷൻ നൽകിയതിലൂടെ സർവ്വകലാശാലയ്ക്കുണ്ടായ സാമ്പത്തിക ബാധ്യതകൾ ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്ന നിർദ്ദേശം നൽകാമോ; | | |

| | | | |
|---|---|---|---|
| (ബി) | കേരള സർവ്വകലാശാലയിൽ സീനിയോറിറ്റിയും പ്രമോഷനും നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; പി.എസ്.സി മുഖേന നിയമിതരായവരുടെയും അതിനു മുൻപേ നിയമിതരായവരുടെയും പ്രമോഷൻ സംബന്ധിച്ച ചട്ടങ്ങൾ വ്യത്യസ്തമാണോ; അവ വ്യക്തമാക്കാമോ; | | കേരള സർവ്വകലാശാല ആക്റ്റ്, സ്റ്റാറ്റ്യൂട്ട് എന്നിവയുടെ വ്യവസ്ഥകൾ അനുസരിച്ച്, K.S.S.R., K.S.R., Govt. Servants Conduct Rule എന്നിവ കേരള സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ പ്രത്യേകം പ്രതിപാദിച്ചിട്ടില്ലാത്ത എല്ലാ സേവന വ്യവസ്ഥകൾക്കും ബാധകമാണെന്ന് അദ്ധ്യായം 4 സ്റ്റാറ്റ്യൂട്ട് 2 ൽ വ്യക്തമാക്കിയിട്ടുണ്ട്. പി.എസ്.സി. വഴി നിയമിതരാവയവർക്കും അതിന് മുൻപ് നിയമിതരായവർക്കും മേൽ സൂചിപ്പിച്ച ചട്ടങ്ങളാണ് ബാധകമാക്കുന്നത്. |
| (ഇ) | ഈ വിഷയത്തിൽ സർക്കാർ നേരിട്ട് അന്വേഷണം നടത്താമോ എന്ന് വെളിപ്പെടുത്തുമോ? | (ഇ) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ